# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3431 21.12.2012- ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിൽ ടെറസ് പച്ചക്കറി കൃഷി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും<br>വകുപ്പുമന്ത്രി) |
| എ കാസർഗോഡ് ജില്ലയിൽ ടെറസ് പച്ചക്കറി കൃഷിക്ക് എത്ര രൂപയാണ് ആകെ അനുവദിച്ചിരുന്നത് എന്നറിയിക്കാമോ; | എ | കാസർഗോഡ് ജില്ലയിൽ ടെറസ് പച്ചക്കറി കൃഷിക്കായി 598.85 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക പദ്ധതി നടപ്പിലാക്കുന്ന ഏജൻസിയായ കേരള വിത്ത് വികസന ഏജൻസിക്ക് ( കെ. എസ്. എസ്. ഡി. എ) നൽകി യിട്ടുണ്ട്. |
| ബി ഇതിൽ ഏതെല്ലാം നഗരസഭകൾ എത്ര രൂപ വീതം ചിലവഴിച്ചുവെന്ന് അറിയിക്കാമോ; | ബി | കാസർഗോഡ് ജില്ലയിലെ നീലേശ്വരം, കാസർഗോഡ്, കാഞ്ഞങ്ങാട് എന്നീ നഗരസഭയ്ക്ക് വേണ്ടി അനുവദിച്ച തുക താഴെ ചേർത്തിരിക്കുന്നു. |

| ജില്ല | യൂണീറ്റുകളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| കാസർഗോഡ് | 1330 | 19.95 ലക്ഷം |
| കാഞ്ഞങ്ങാട് | 1330 | 19.95 ലക്ഷം |
| നീലേശ്വരം | 1330 | 19.95 ലക്ഷം |
| | | 59.85 ലക്ഷം |

| | | |
|---|---|---|
| സി പച്ചക്കറി തൈകൾ എവിടെ നിന്നാണ് ലഭ്യമാക്കുന്നത്; | സി | കെ.എസ്.എസ്.ഡി.എ (സംസ്ഥാന വിത്തു വിതരണ അതോറിറ്റി) വഴിയാണ് തൈകൾ ലഭ്യമാക്കുന്നത്. |
| ഡി കാസർഗോഡ് ജില്ലയിലെ ഫാമുകളിൽ ഇതിന്റെ ഉല്പാദനം നടത്താത്തതിന്റെ കാരണം വിശദമാ ക്കുമോ; | ഡി | ഓരോ ജില്ലയിലും തൈകൾ വിതരണം ചെയ്യാനുള്ള ഏജൻസിയെ ഗവൺമെന്റ് തലത്തിലുള്ള ചർച്ചകൾക്കും തീരുമാനങ്ങൾക്കും വിധേയമായി ഉത്തരവു മുഖേന തീരുമാനിച്ചിട്ടുള്ളതാണ്. ടി ഉത്തരവ് പ്രകാരം തിരുവനന്തപുരം കോഴിക്കോട് ജില്ലകളിൽ സ്റ്റേറ്റ് ഹോർട്ടി കൾച്ചർ മിഷനും കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ കൃഷി |

വകുപ്പും എറണാകുളത്ത് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനും, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലും (വി.എഫ്.പി.സി.കെ) സംയുക്തമായും, വയനാട്, മലപ്പുറം ജില്ലകളിൽ കേരള കാർഷിക സർവ്വകലാശാലയും, തൃശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ സംസ്ഥാന വിത്തു വിതരണ അതോറിറ്റിയുമാണ് തൈകൾ വിതരണം ചെയ്യുന്നത്.

| | | | |
|---|---|---|---|
| ഇ | ടെറസ് കൃഷി ആരംഭിച്ച സ്ഥലങ്ങളിൽ പ്രസ്തുത പദ്ധതി ഫലപ്രാപ്തിയിൽ എത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | ഇ & എഫ് | ഉണ്ട്. പഞ്ചായത്തു തലത്തിലും ബ്ലോക്ക് തലത്തിലും, ജില്ലാതലത്തിലും പദ്ധതി വേണ്ട രീതിയിൽ സമയബന്ധിതമായി മോണിറ്ററിംഗ് നടത്തുന്നുണ്ട്. സംസ്ഥാനതല അവലോകനവും ഫീൽഡ്തല പരിശോധനയും നടത്തി, വിളവ് ഉല്പാദനക്ഷമത എന്നിവയുടെ വിശദാംശങ്ങൾ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്. |
| എഫ് | എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | | |

Snehams

സെക്ഷൻ ഓഫീസർ